തിരുത്തൽ വരുത്തിയ മറുപടി

പതിനഞ്ചാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3217 — 04.08.2021 - ൽ മറുപടിയ്ക്ക്

ഡോക്ടർമാർക്കെതിരെയുള്ള അക്രമങ്ങൾ

| | ചോദ്യം<br>ഡോ.മാത്യു കുഴൽനാടൻ | | മറുപടി<br>ശ്രീമതി.വീണാ ജോർജ്ജ്<br>(ആരോഗ്യവും വനിതാ-ശിശുവികസനവും വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഡോക്ടർമാർക്കെതിരെ രോഗികളിൽ നിന്നും രോഗികളുടെ ബന്ധുക്കളിൽ നിന്നുമുള്ള അക്രമങ്ങൾ വർദ്ധിച്ച് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | അക്രമങ്ങൾ ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത് തടയുന്നതിന് നിലവിലെ നിയമങ്ങൾ പര്യാപ്തമാണോ എന്നുള്ളത് പരിശോധിക്കാമോ; വിശദാംശങ്ങൾ നൽകാമോ; | (ബി) യും (സി) യും | കേരള നിയമസഭ 2012 ൽ പാസ്സാക്കിയ "കേരള ആരോഗ്യരക്ഷാസേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ആക്ട്, 2012 (2012 ലെ ആക്ട് 14)" പ്രകാരം ഡോക്ടർമാർ, മെഡിക്കൽ-നഴ്സിംഗ് വിദ്യാർത്ഥികൾ, പാരാ മെഡിക്കൽ ജീവനക്കാർ, മറ്റ് ആശുപത്രി ജീവനക്കാർ എന്നിവർക്കെതിരായി ഒറ്റയ്ക്കോ ഒരു സംഘം ആളുകളോ, സംഘടനകളുടെ നേതാവോ അക്രമം ചെയ്യുകയോ, ചെയ്യുവാൻ ശ്രമിക്കുകയോ, പ്രേരിപ്പിക്കുകയോ, പ്രചോദനം നൽകുകയോ, ആരോഗ്യ രക്ഷാപ്രവർത്തകർക്ക് എന്തെങ്കിലും ഹാനിയോ, പരിക്കോ, ജീവൻ അപായപ്പെടുത്തുകയോ, ഭീഷണിപ്പെടുത്തുകയോ, ജോലി തടസ്സമുണ്ടാക്കുകയോ ചെയ്താൽ ഏതൊരു കുറ്റക്കാരനും 3 വർഷം തടവും 50,000/- (അമ്പതിനായിരം രൂപ) രൂപ പിഴയും നൽകി ശിക്ഷിക്കാവുന്നതാണ്. |
| (സി) | നിലവിലെ നിയമങ്ങൾ പര്യാപ്തമല്ലെങ്കിൽ ഇത്തരത്തിലുള്ള അക്രമങ്ങളിൽ നിന്നും ഭീഷണികളിൽ നിന്നും സംരക്ഷണം നൽകുന്നതിനായി ഡോക്ടർമാർ ഉൾപ്പെടെയുള്ള ആരോഗ്യപ്രവർത്തകർക്കു വേണ്ടി പ്രത്യേക നിയമ നിർമ്മാണം നടത്തുമോയെന്ന് വ്യക്തമാക്കാമോ; | | |

| | | | |
|---|---|---|---|
| ധി) | ആരോഗ്യപ്രവർത്തകർക്കെതിരെയുള്ള അക്രമങ്ങൾ തടയുന്നതിന് പൊതുജനാവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ? | | കേരള ആരോഗ്യരക്ഷാസേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവനസ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ആക്ട്, 2012 സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കാനായി പത്ര-ദൃശ്യ മാധ്യമങ്ങൾ മുഖേന ബോധവൽക്കരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ